വിദ്യുച്ഛക്തിയിൽ വരുന്ന ഏറക്കുറച്ചിലും അടിക്കടി ഇല്ലാതാകുകയും ചെയ്യുമ്പോഴും പമ്പിംഗ് മെയിനിലുണ്ടാകുന്ന വർദ്ധിച്ച സമ്മർദ്ദം കാരണം പൈപ്പ് പൊട്ടാതിരിക്കാനുള്ള മർദ്ദലഘൂകരണ യന്ത്രം ഘടിപ്പിച്ചു. വിയറിന്റെ ചോർച്ച തടഞ്ഞു നിർത്താനുള്ള സംവിധാനം ഏർപ്പെടുത്തി. അടിക്കടി പൊട്ടിക്കൊണ്ടിരിക്കുന്ന പൈപ്പുകൾമാറി കാസ്റ്റ് അയേൺ പൈപ്പുകൾ സ്ഥാപിക്കുന്നതിലേയ്ക്കായുള്ള ദർഘാസുകൾ ക്ഷണിച്ച് പണി തുടങ്ങിക്കഴിഞ്ഞു.

കണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കാൻ രണ്ട് ഓവർ ഹെഡ് ടാങ്കുകളുടെ (കക്കാട്, കസാനക്കോട്ട) പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഇവയിൽ കക്കാടിന്റെ പണികൾ പൂർത്തിയായി. കസാനക്കോട്ടയിലുള്ള പണികൾ ഉടൻ തന്നെ പൂർത്തീകരിക്കും. ഈ ടാങ്കുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ ജോലികളും ആരംഭിച്ചു കഴിഞ്ഞു.

(ബി) മേൽപ്പറഞ്ഞ ഇടക്കാല വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ അപര്യാപ്തത ഏറെക്കുറെ പരിഹരിയ്ക്കാൻ കഴിയും. ശാശ്വത പരിഹാരത്തിനായി ഒരു ബൃഹത്തായ വിപുലീകരണ പദ്ധതിയുടെ എസ്റ്റിമേറ് തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരികയാണ്.

പാമ്പാടി ശുദ്ധജല വിതരണ പദ്ധതി

431 [468] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി ശുദ്ധജലവിതരണ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചു കഴിഞ്ഞോ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം അനുമതി വാങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

കിളിമാനൂർ നിയോജക മണ്ഡലത്തിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി

432 [469] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതിക്ക് ഇതേ വരെ ചെലവഴിച്ച സംഖ്യ എത്ര;

(ബി) ഇതിൽ പൈപ്പ് വാങ്ങിയ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാം പഞ്ചായത്തുകളിലേതാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾക്കുവേണ്ടി ഈ വർഷത്തിൽ എന്ത് തുക ചെലവഴിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എന്നത്തേയ്ക്ക് എല്ലാ പഞ്ചായത്തുകളിലേയും ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) 79,67,267 രൂപ.

(ബി) 58,15,234 രൂപ

(സി) ഇപ്പോൾ പ്രവർത്തനത്തിലുള്ള പദ്ധതികളുടെ (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്).*

(ഡി) ഈ പദ്ധതികൾക്ക് ഈ വർഷത്തെ കേരള ജലമലിനജല അതോറിറ്റിയുടെ ബഡ്ജറ്റിൽ 18 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) പണി നടന്നുവരുന്ന പദ്ധതികളിൽ ഉളപ്പന, മുദാക്കൽ പദ്ധതികൾ ഈ വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. പുളിമാത്ത്, കൊടുവാഴന്നൂർ, കൊടുവാഴന്നൂർ ഹരിജൻ, കരവാരം, ആലംകോട്, അഗരൂർ, വെള്ളല്ലൂർ, പള്ളിക്കൽ മുതലായ പദ്ധതികൾ 1987–88 നടപ്പ് വർഷത്തിൽ പൂർത്തീകരിക്കാനാവും. ഇവയിൽ വിളങ്ങര ഹരിജൻ പദ്ധതിയ്ക്ക് വേണ്ടി പഞ്ചായത്തിൽ നിന്നും കിണർ കുഴിക്കുന്നതിനുള്ള സ്ഥലം ലഭിച്ചാൽ 6 മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കും.

ഉപ്പുതറ ശുദ്ധജലവിതരണ പദ്ധതി

434 [470] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജക മണ്ഡലത്തിലെ ഉപ്പുതറ പഞ്ചായത്തിലെ എൽ.ഐ.സി. ശുദ്ധജലവിതരണ പദ്ധതിയുടെ പണി ഈ വർഷം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വർഷം പൂർത്തിയാക്കാൻവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

പീരുമേട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ സ്കീമുകൾ

435 [471] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 432[469] കാണുക]

ഇപ്പോഴത്തെ പ്രവർത്തനത്തിലുള്ള പദ്ധതികൾ

(സി)	പഞ്ചായത്തിന്റെ പേര്	ജലവിതരണ പദ്ധതിയുടെ പേര്
(1)	മടവൂർ	വാട്ടർ സപ്ലൈ സ്കീം
(2)	നാവായിക്കുളം	നാവായിക്കുളം വാട്ടർ സപ്ലൈ സ്കീം
(3)	കരവാരം	വഞ്ചിയൂർ വാട്ടർ സപ്ലൈ സ്കീം
(4)	മുദാക്കൽ	മുദാക്കൽ വാട്ടർ സപ്ലൈ സ്കീം
(5)	കിളിമാന്നൂർ പഴയകുന്നുമ്മൽ	കിളിമാന്നൂർ പഴയകുന്നിൻമേൽ വാട്ടർ സപ്ലൈ സ്കീം
(6)	പുളിമാത്ത്	മഞ്ഞപ്പാറ വാട്ടർ സപ്ലൈ സ്കീം

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

	പഞ്ചായത്ത്	വാട്ടർ സപ്ലൈ സ്കീം
(1)	പുളിമാത്ത്	പുളിമാത്ത് കൊടുവഴന്നൂർ പദ്ധതിയും, കൊടുവഴന്നൂർ ഹരിജൻ പദ്ധതിയും
(2)	കരവാരം	കരവാരം ആലംകോട് പദ്ധതിയും
(3)	നഗരൂർ	നഗരൂർ, വെള്ളല്ലൂർ പദ്ധതിയും
(4)	മുദാക്കൽ	മുദാക്കൽ ഇളംപന പദ്ധതിയും
(5)	പള്ളിക്കൽ	പള്ളിക്കൽ പദ്ധതിയും
(6)	കിളിമാന്നൂർ	വിളഞ്ഞര പദ്ധതിയും

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ 444 (481) കാണുക]

MEMBERS OF GENERAL COUNCIL

(a)	Chairman (Ex-officio)	Shri K. C. Sankaranarayanan, I.A.S.
(b)	Persons who have been members of the local bodies	1. Shri E. P. Eapan (Ex. Mayor) 2. Shri A. Chidambara Krishnan, (Ex. Councillor) 3. Shri P. K. Venugopal (Ex. Deputy Mayor) 4. Shri C. S. Vikraman Nair (Ex. Councillor) 5. Shri B. Madhavan Nair (Ex. Deputy Mayor)

LIBRARY ARCHIVES Kerala Legislative Assembly